# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 407** **29.06.2016-ൽ മറുപടിയ്ക്ക്**

## വൈദ്യുതി വിതരണത്തിനായുള്ള തൂണുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിനായുള്ള തൂണുകൾ ഏത കമ്പനിയിൽ നിന്നാണ് കെ. എസ്. ഇ. ബി. ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ അറിയിയ്ക്കാമോ ; | (എ) | ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മാംഗളൂർ, കർണാടക, എന്ന പോൾകാസ്റ്റിങ്ങ് കമ്പനിയിൽ നിന്നാണ് കാസർഗോഡ് ജില്ലയിൽ വിതരണത്തിനായുള്ള കോൺക്രീറ്റ് തൂണുകൾ ലഭ്യമാക്കുന്നത്. ടി കമ്പനിയ്ക്ക് 31.07.2015-ലെ പർച്ചേസ് ഓർഡർ പ്രകാരം 01.11.2015 മുതൽ രണ്ടുവർഷകാലയളവിലേയ്ക്ക് കാസർഗോഡ് സർക്കിളിലേയ്ക്ക് 20200 എണ്ണം 8 മീറ്റർ തൂണുകളും, 4800 എണ്ണം 9 മീറ്റർ തൂണുകളും, വിതരണം ചെയ്യുന്നതിനും നിലമ്പൂർ സർക്കിളിലേയ്ക്ക് 12800 എണ്ണം 8 മീറ്റർ തൂണുകളും 4000 എണ്ണം 9 മീറ്റർ തൂണുകളും വിതരണം ചെയ്യുന്നതിനും കരാർ നൽകിയിട്ടുണ്ട്. |
| (ബി) | ഈ കമ്പനിയെ എത്ര പ്രാവശ്യം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിയ്ക്കാമോ ; | (ബി) & (സി) | ടി കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കെ. എസ്. ഇ. ബി അറിയിച്ചിട്ടുണ്ട്. |
| (സി) | കരിമ്പട്ടികയിൽ ഉൾ പ്പെടുത്തിയ കമ്പനിക്ക് വീണ്ടും തൂണ് നിർമ്മാണത്തിനുള്ള (പോൾ കാസ്റ്റിംഗ് യൂണിറ്റ്) അനുമതി നൽകിയതിനുണ്ടായ കാരണം അറിയിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കമ്പനി വിതരണം ചെയ്ത തൂണിൽ കയറുമ്പോൾ ഒടിഞ്ഞു വീണ് കരാർ ജീവനക്കാരൻ മരിച്ചതിനെ തുടർന്ന് കമ്പനിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | ടി കമ്പനിയിൽ നിന്നും കോൺക്രീറ്റ് തൂണുകൾ വാങ്ങുന്നത് തൽക്കാലം നിർത്തി വെയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടകാരണം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കോഴിക്കോട് ചീഫ് എൻജിനീയർ (സിവിൾ - കൺസ്ട്രക്ഷൻ നോർത്ത്) ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത കരാർ അനുവദിച്ചതുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും സമഗ്രമായി പരിശോധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ. എസ്. ഇ. ബി ചെയർമാന് നിർ ദ്ദേശം നല്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ.**